ഉത്തരം

(എ) 22,588 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 13,578 പരാതികളിൽ തീർപ്പുകൽപ്പിക്കുകയും 3297 പരാതികൾ പരിഹരിക്കുവാനായി ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 5713 പരാതികൾ.

വികലാംഗ പെൻഷന് അപേക്ഷിക്കുമ്പോൾ ഹാജരാക്കേണ്ട രേഖകൾ

35 [2807] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗ പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ എന്തൊക്കെ രേഖകൾ ആണ് ഹാജരാക്കേണ്ടത്;

(ബി) വികലാംഗ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർ നിർബന്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വികലാംഗർക്ക് വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കാൻ മെഡിക്കൽ ബോർഡിൽ നിന്നും ഒരു സർട്ടിഫിക്കറ്റ് മാത്രമേ ലഭിക്കു എന്നിരിക്കെ, ഇത് പെൻഷനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മറ്റാവശ്യങ്ങൾക്ക് ഹാജരാക്കാൻ സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രയാസപ്പെടുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കാൻ പെൻഷന് അപേക്ഷിക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകിയാൽ മതിയെന്ന് നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

ഉത്തരം

(എ) വികലാംഗ പെൻഷൻ ലഭിക്കുന്നതിന് നിർദ്ദിഷ്ട ഫോറത്തിലുള്ള പൂരിപ്പിച്ച അപേക്ഷയുടെ രണ്ട് പ്രതികൾ, അപേക്ഷകന്റെ പ്രതിമാസ വരുമാനം 250 രൂപയ്ക്കു താഴെയും കുടുംബത്തിന്റെ പ്രതിമാസ വരുമാനം 500 രൂപയ്ക്ക് താഴെയുമാണെന്ന് തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകളാണ് ഹാജരാക്കേണ്ടത്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെൻഷന് അപേക്ഷ നൽകുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്. വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ കൂടുതൽ ലളിതമാക്കുന്നതിന്റെ ഭാഗമായി 7-4-1997-ലെ ജി.ഒ.(പി)11/97/സ.ക്ഷേ.വ. ഉത്തരവ് പ്രകാരം വികലാംഗരായ അപേക്ഷകർക്ക് വികലാംഗരാണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി ആന്റ് ഡി) പെൻഷനുള്ള അപേക്ഷയോടൊപ്പം മെഡിക്കൽ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.

ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളിലെ കെയർ ടേക്കേഴ്സിന് ശമ്പള സ്കെയിൽ നൽകുന്നതിന് നടപടി

36 [2808] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമിതരാകുന്ന കെയർ ടേക്കേഴ്സിന്റെ യോഗ്യതയും ശമ്പള സ്കെയിലും വ്യക്തമാക്കാമോ;

(ബി) യോഗ്യതയനുസരിച്ച് ശമ്പള സ്കെയിൽ ഉയർത്തണമെന്ന് ആവശ്യപ്പെട്ട് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ എന്ന സർവ്വീസ് സംഘടന നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) യോഗ്യത അനുസരിച്ച് ശമ്പള സ്കെയിൽ നൽകുന്നതിന് സ്പെഷ്യൽ റൂളിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) സ്പെഷ്യൽ റൂളിൽ കെയർ ടേക്കേഴ്സിനുള്ള പ്രൊമോഷൻ ചാനൽ വ്യക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നുള്ള പ്രീഡിഗ്രി വിദ്യാഭ്യാസവും അംഗീകൃത ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയവുമാണ് കെയർ ടേക്കർ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത. ശമ്പള സ്കെയിൽ 3050-5230 ആണ്.

LIBRARY ARCHIVES Kerala Legislative Assembly